# ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ

**ഒ. അബ്ദുറഹ്മാൻ**

1941-ലാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമി സ്ഥാപിതമായതെങ്കിലും കേരളത്തിൽ പ്രസ്ഥാന പ്രവർത്തനം ആരംഭിക്കുന്നത് 1944-ലാണ്. മർഹൂം ഹാജി വി.പി. മുഹമ്മദലി സാഹിബ് ജമാഅത്തിന്റെ പ്രഥമ കേന്ദ്രമായ പഠാൻകോട്ടിലെ ദാറുൽ ഇസ്‌ലാമിൽനിന്ന് തിരിച്ചെത്തിയ ശേഷം കോഴിക്കോട്ട് സജീവ മുജാഹിദ് പ്രവർത്തകനായ കുഞ്ഞോയി വൈദ്യരുടെ സഹകരണത്തോടെ സ്റ്റഡിക്ലാസുകൾ നടത്തിവന്നു. കോഴിക്കോട്ട് പട്ടാളപ്പള്ളിയിലെ ഖത്തീബ് കൂടിയായിരുന്നു ഹാജി സാഹിബ്. അതോടൊപ്പം സ്വദേശമായ വളാഞ്ചേരിയിലും പ്രസ്ഥാനപ്രവർത്തനങ്ങൾ ഊർജസ്വലതയോടെ ആരംഭിക്കാൻ അദ്ദേഹം സമയം കണ്ടെത്തി. ആദ്യമേ ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു ഘടകം സ്ഥാപിക്കുന്നതിനുപകരം, വളാഞ്ചേരിയിൽ ജംഇയ്യത്തുൽ മുസ്തർശിദീൻ എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുകയും അതിന്റെ കീഴിൽ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായി മുന്നോട്ടുകൊണ്ടുപോവുകയും ആയിരുന്നു അദ്ദേഹം. ആദർശത്തിൽ അചഞ്ചലതയും കർമരംഗത്ത് ആത്മാർഥതയും വ്യക്തിജീവിതത്തിൽ വിശുദ്ധിയും ഉള്ളവർക്കുമാത്രമേ സംഘടനയിൽ അംഗത്വം നൽകാവൂ എന്നത് ജമാഅത്തിന്റെ തീരുമാനവും ഹാജിസാഹിബിന്റെ ശാഠ്യവുമായിരുന്നു. അതിനാൽ എണ്ണത്തിൽ എത്ര കുറഞ്ഞാലും യോഗ്യരായ അംഗങ്ങളെ ലഭിക്കുമ്പോൾ മാത്രം ജമാഅത്തിന്റെ ഘടകം ഔദ്യോഗികമായി രൂപീകരിച്ചാൽ മതി എന്നദ്ദേഹം തീരുമാനിച്ചു. അങ്ങനെ 1948-ലാണ് ആദ്യം വളാഞ്ചേരിയിലും പിന്നീട് കോഴിക്കോട്ടും ജമാഅത്തെ ഇസ്‌ലാമിയുടെ ഓരോ ഘടകങ്ങൾ നിലവിൽ വന്നത്. 1945-ൽ മൗലാനാ മൗദൂദിയുടെ ഇസ്‌ലാം മതം, രക്ഷാസരണി എന്നീ കൃതികളും 1947-ൽ ഇന്ത്യൻ യൂനിയനും ഇസ്‌ലാമിക പ്രസ്ഥാനവും എന്ന ഗ്രന്ഥവും പ്രസിദ്ധീകരിക്കപ്പെട്ടതിനാൽ ജമാഅത്തെ ഇസ്‌ലാമി വിഭാവനം ചെയ്യുന്ന ഇസ്‌ലാമിക വ്യവസ്ഥിതിയുടെ ഏകദേശ ചിത്രം പരിമിതമായ ഒരു വൃത്തത്തിനെങ്കിലും ലഭിച്ചുകഴിഞ്ഞിരുന്നു. 1947-ൽ വളാഞ്ചേരിയിൽ ചേർന്ന ജംഇയ്യത്തുൽ മുസ്തർശിദീന്റെ പ്രഥമ വാർഷിക സമ്മേളനത്തിൽ പ്രമുഖ ഇസ്‌ലാഹീ പണ്ഡിതന്മാരായിരുന്ന ശൈഖ് മുഹമ്മദ് മൗലവി, എ.കെ. അബ്ദുല്ലത്തീഫ് മൗലവി, പറവൂര് അബ്ദുറഹ്മാൻ മൗലവി, കൂട്ടായി അബ്ദുല്ല ഹാജി, എ. അലവി മൗലവി തുടങ്ങിയവരും ഇന്ന് ജമാഅത്തെ ഇസ്‌ലാമിയെ മുഖ്യ ശത്രുവായി കാണുന്ന കെ. ഉമർ മൗലവിയും പ്രത്യേക ക്ഷണപ്രകാരം പങ്കെടുത്തിരുന്നുവെന്ന് കാണുന്നത് കൗതുകകരമാണ്. അന്നത്തെ സമ്മേളനത്തിന് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദർശലക്ഷ്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഹാജി സാഹിബ് ചെയ്ത പ്രസംഗത്തോട് മുജാഹിദ് നേതാക്കൾ വിയോജിപ്പൊന്നും പ്രകടിപ്പിച്ചില്ലെന്നു മാത്രമല്ല, ഈയാദർശം ഉൾക്കൊണ്ടവരെല്ലാം ഒരിടത്ത് ഒരു കോളനിയായി ജീവിച്ചുകൊണ്ട് മറ്റുള്ളവർക്ക് മാതൃകയായിരിക്കണമെന്ന നിർദേശം ഉമർ മൗലവി മുമ്പോട്ടുവെക്കുകയുണ്ടായി. എന്നാൽ, മുജാഹിദ് പണ്ഡിതരെ പിന്നീട് പ്രസ്ഥാനത്തിൽ നിന്നകറ്റിയതും ചിലരെ ശത്രുക്കൾ തന്നെയാക്കി മാറ്റിയതും മുഖ്യമായും രാഷ്ട്രീയമാണെന്നു കാണാം. അവരിലധിക പേരും ഉറച്ച മുസ്‌ലിം ലീഗുകാരായിരുന്നു. മതത്തെ രാഷ്ട്രീയവുമായി ബന്ധിപ്പിക്കരുതെന്ന ലീഗിന്റെ സിദ്ധാന്തം അവരെ രാഷ്ട്രീയമായി സ്വാധീനിക്കുകയും ചെയ്തിരുന്നു. സർവോപരി, അന്ന് ഭൂരിപക്ഷം മുസ്‌ലിംകളുടെയും കണ്ണിൽ 'ഖാഇദെ അഅ്സം' ആയിരുന്ന മുഹമ്മദലി ജിന്നയെ ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കാതിരുന്നത് അവർക്കു സഹിക്കാനായില്ല. മുജാഹിദ് പണ്ഡിതനും പ്രശസ്ത അറബി കവിയുമായിരുന്ന മർഹൂം പി.വി. മുഹമ്മദ് മൗലവി (പുളിക്കൽ) ജിന്നാ സാഹിബനെ വാനോളം വാഴ്ത്തിക്കൊണ്ടെഴുതിയ ചരമഗീതം ഇവിടെ ഓർക്കാവുന്നതാണ്. അതേസമയം തന്റെ പ്രബോധന മാധ്യമമായിരുന്ന പട്ടാളപ്പള്ളിയിൽ ഖുത്തുബപോലും ഹാജിസാഹിബിന് നഷ്ടപ്പെട്ടത് ജിന്നാ സാഹിബിന്റെ മയ്യിത്ത് നമസ്കരിക്കാൻ അദ്ദേഹം വിസമ്മതിച്ചതു മൂലമായിരുന്നുവെന്നും പലർക്കും അജ്ഞാതമായിരുന്നു.

1948 ജനുവരിയിൽ വളാഞ്ചേരിയിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഥമ സംസ്ഥാന സമ്മേളനം ചേർന്നത്. എന്നാൽ, അതേവർഷം ആഗസ്റ്റ് 21-ന് കോഴിക്കോട്ടു ചേർന്ന വിശേഷാൽ സമ്മേളനമാണ് ജമാഅത്തിന്റെ ചരിത്രത്തിൽ ഏറ്റവും സുപ്രധാനമായ മൂന്നു തീരുമാനങ്ങൾ കൈകൊണ്ടത്. ജില്ലയിലെ വാണിമേലിൽ ചേരാൻ നിശ്ചയിച്ചിരുന്ന സമ്മേളനം പ്രതികൂല സാഹചര്യങ്ങളിൽ കോഴിക്കോട്ടേക്കു മാറ്റുകയായിരുന്നു. ഈ സമ്മേളനത്തിൽ വെച്ച് വളാഞ്ചേരിയിലെ ജമാഅത്ത് ഓഫീസ് കേരള ഹൽഖയുടെ പ്രഥമ കേന്ദ്രമാക്കാനും ഖയ്യിം വി.പി. മുഹമ്മദലി സാഹിബിനെ സഹായിക്കാൻ കെ.സി. അബ്ദുല്ല മൗലവിയെക്കൂടി കേന്ദ്ര ഓഫീസിൽ നിശ്ചയിക്കാനും തീരുമാനമായി. (അന്ന് കേരള ഹൽഖക്ക് അമീർ ഉണ്ടായിരുന്നില്ല. ഖയ്യിം (സെക്രട്ടറി) ആണുണ്ടായിരുന്നത്.) ജമാഅത്തെ ഇസ്‌ലാമിയുടെ മലയാള മുഖപ്രമായ പ്രബോധനം പാക്ഷികം ആരംഭിക്കാൻ തീരുമാനിച്ചതും ഈ സമ്മേളനമാണ്. തദിഷയകമായി മർഹൂം താജുദ്ദീൻ സാഹിബ് അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയായിരുന്നു. യോഗത്തിൽവെച്ച് ഖയ്യിമിനു പുറമെ പന്ത്രണ്ട് അംഗങ്ങളടങ്ങിയ മജ്‌ലിസ് ശൂറായും തെരഞ്ഞെടുക്കപ്പെട്ടു. ഹാജി വി.പി. കുഞ്ഞിപ്പോക്കർ, ടി.കെ.വി. മൊയ്തീൻകുട്ടി, സി.യം. മൊയ്തീർകുട്ടി, പി. മരക്കാർ, യു. മുഹമ്മദ്, ടി.ടി. കമ്മു

(എല്ലാവരും വളാഞ്ചേരിക്കാർ), മുഹമ്മദ് ത്വായി മൗലവി, കെ. അബ്ദുല്ല ശർഖി (കാസർകോഡ്), മുഹമ്മദ് ഹനീഫ് മൗലവി, ബഷീർ അഹ്മദ് (കോഴിക്കോട്), ടി. മുഹമ്മദ് (കൊടിഞ്ഞി), കെ.സി. അബ്ദുല്ല മൗലവി (കൊടിയത്തൂർ) എന്നിവരായിരുന്നു ശൂറാ അംഗങ്ങൾ. കൃത്യം ഒരു വർഷത്തിനു ശേഷം 1949 ആഗസ്റ്റ് മുതൽ പ്രബോധനം മാസിക പ്രസിദ്ധീകരണമാരംഭിച്ചു. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശവും ലക്ഷ്യവും പരിചയപ്പെടുത്തുകയും ലോകസംഭവങ്ങളെ പ്രാസ്ഥാനിക കാഴ്ചപ്പാടിലൂടെ വിലയിരുത്തുകയുമായിരുന്നു 'പ്രബോധനം' പ്രധാനമായും ചെയ്തു വന്നത്. പിൽക്കാലത്ത് പസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ജമാഅത്ത് സാഹിത്യങ്ങളിലധികവും പ്രബോധനത്തിലൂടെ വെളിച്ചം കണ്ടവയാണ്. ആ ഗ്രന്ഥങ്ങളിലെ ഭാഷ ഇന്നു ചിലർക്ക് അരോചകമായി അനുഭവപ്പെടുന്നുവെങ്കിലും മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ അറബി-മലയാളത്തിലൂടെ മാത്രം പുറത്തിറങ്ങിയിരുന്ന ഒരു കാലഘട്ടത്തിൽ സാമാന്യം വെടിപ്പുള്ള മലയാളത്തിൽ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളിറക്കാൻ ധൈര്യം കാട്ടിയ ഇസ്‌ലാമിക പ്രസ്ഥാനം വാസ്തവത്തിൽ മറ്റുള്ളവർക്കുകൂടി വഴി കാട്ടുകയാണ് ചെയ്തിട്ടുള്ളത്. ആദ്യം തിരൂരിലെ ജമാലിയാ പ്രസ്സിലായിരുന്നു പ്രോബോധനത്തിന്റെ അച്ചടി. പിന്നീട് 1951-ൽ എടയൂരിൽ സ്വന്തം പ്രസ്സ് ഏർപ്പെടുത്തകയായിരുന്നു. പ്രസിദ്ധീകരണമാരംഭിച്ച് നാലു മാസങ്ങൾക്കകം പ്രബോധനത്തിന്റെ പ്രചാരം 1700 കോപ്പികളായി ഉയർന്നതായി 1949-ലെ വാർഷിക റിപ്പോർട്ടിൽ കാണാം. പ്രതിമാസം 50 ക. നഷ്ടം സഹിച്ചായിരുന്നു മാസികയുടെ നടത്തിപ്പ്. 1953-ൽ പ്രബോധനം പാക്ഷികമായി മാറി. 1964-ൽ അത് ഒരേസമയം വാരികയും മാസികയുമായി വളർന്നു. കേരള ജമാഅത്തിന്റെ പ്രഥമ അമീർ വി.പി. മുഹമ്മദലി സാഹിബായിരുന്നു പ്രബോധനത്തിന്റെ പ്രഥമ പത്രാധിപർ. അദ്ദേഹത്തിനു ശേഷം ജ: ടി. മുഹമ്മദ് സാഹിബ് പത്രാധിപരായി. വാരികയുടെ ആദ്യത്തെ എഡിറ്റർ ടി.കെ. അബ്ദുല്ല സാഹിബായിരുന്നു.

**സമ്മേളനങ്ങൾ**

പതാക, മുദ്രാവാക്യങ്ങൾ, പ്രകടനങ്ങൾ തുടങ്ങിയ രാഷ്ട്രീയ ശൈലികളോ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കാളിത്തമോ ഇല്ലാതിരുന്ന ജമാഅത്തെ ഇസ്‌ലാമിയെസ്സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തകരെ കർമോത്സുകരാക്കാനും ശക്തിപ്രകടനത്തിനുമുള്ള അവസരങ്ങൾ വ്യവസ്ഥാപിതമായും ആസൂത്രിതമായും സ്ഘടിപ്പിക്കപ്പെടുന്ന അതിന്റെ സംസ്ഥാന സമ്മേളനങ്ങളായിരുന്നു. വളാഞ്ചേരി (1948), കുറ്റ്യാടി (1950), മുള്ള്യാകുർശി (1952), എടയൂർ (1953), മലപ്പുറം (1955), ആലുവ (1957), കോഴിക്കോട് മൂഴിക്കൽ (1960) എന്നീ സംസ്ഥാന സമ്മേളനങ്ങൾ ജമാഅത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയെ വിളിച്ചോതുന്നവയായിരുന്നുവെങ്കിലും അംഗങ്ങളുടെയും അനുഭാവികളുടെയും പരിചിതരുടെയും എണ്ണം പരിമിതമായിരുന്നതിനാൽ ശ്രദ്ധേയമായ സംഭവങ്ങളായിരുന്നുവെന്ന് പറഞ്ഞുകൂടാ. എന്നാൽ, 1969 മാർച്ച് 8, 9 തിയതികളിൽ മലപ്പുറത്തു നടന്ന സംസ്ഥാന സമ്മേളനം എണ്ണത്തിലും വണ്ണത്തിലും ഗംഭീരവും പ്രതിയോഗികളെ അമ്പരിപ്പിച്ചതുമായിരുന്നു. വനിതകൾ ഉൾപെടെ പതിനായിരക്കണക്കിൽ പ്രവർത്തകരും അനുഭാവികളും അഭ്യുദയ കാംക്ഷികളും സന്ദർശകരും പ്രത്യേകം കെട്ടിയുണ്ടാക്കിയ പ്രവിശാലമായ പന്തലുകളിൽ അച്ചടക്കത്തോടെ മൂന്നു ദിവസം കഴിച്ചു കൂട്ടിയതും ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നമസ്കാരങ്ങൾ നിർവഹിച്ചതും മുസ്‌ലിംകേരളത്തിൽ ആദ്യാനുഭവമായിരുന്നുവെന്നതിൽ സംശയമില്ല. പരേതായ ബിഷപ്പ് പത്രോണി, എൻ.വി. കൃഷ്ണവാരിയർ, ജീവിച്ചിരിക്കുന്ന കമ്യൂണിസ്റ്റ് ബുദ്ധിജീവി പി.ടി. ഭാസ്കരപ്പണിക്കർ തുടങ്ങി സമ്മേളനത്തോടനുബന്ധിച്ച സിമ്പോസിയത്തിൽ പങ്കെടുത്ത വിശിഷ്ടാഥിതികളെയും അച്ചടക്കപൂർണമായ ആ മഹാസമ്മേളനം അത്ഭുതപ്പെടുത്തുകയുണ്ടായി. ചരിത്രത്തിലാദ്യമായി മലയാള പത്രങ്ങളുടെ വൻ കവറേജ് ജമാഅത്തെ ഇസ്‌ലാമിക്കു ലഭിച്ചതും പ്രസ്തുത സമ്മേളനത്തോടെത്തന്നെ. എന്നാൽ പിന്നീട് നീണ്ട ഇടവേളക്കു ശേഷം മാത്രമാണ് വീണ്ടും ഒരു സംസ്ഥാന സമ്മേളനം സംഘടിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് അവസരം ലഭിച്ചത്. അതും മലപ്പുറത്തിനടുത്തുള്ള കാച്ചിനിക്കാട്ടു തന്നെ ചേർന്നത് യാദൃശ്ചികമാവാമെങ്കിലും മുൻ മലപ്പുറം സമ്മേളനം പോലെത്തന്നെ ശ്രദ്ധേയമായ സംഭവമായി കലാശിച്ചു 'ദഅ്‌വത്തു നഗർ' സമ്മേളനവും. 1975 മുതൽ 1977 വരെ നീണ്ടുനിന്ന അടിയന്തരാവസ്ഥയെയും അതിന്റെ മറവിൽ അടിച്ചേൽപ്പിക്കപ്പെട്ട നിരോധത്തെയും അതിജീവിച്ച ശേഷം ജമാഅത്ത് വീണ്ടും പ്രവർത്തനക്ഷമമായതിൽപിന്നെ വിപുലമായ പ്രചാരണ ജനസമ്പർക്ക പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടതായിരുന്നു ദഅ്‌വത്ത് നഗർ സമ്മേളനം. ഇരുപതിനായിരത്തോളം സ്ത്രീകളും മുക്കാൽ ലക്ഷത്തോളം പുരുഷന്മാരും പങ്കെടുത്ത ഈ സമ്മേളനം, കേരളത്തിലെ പ്രസംഗവീരനായ പ്രൊഫസർ സുകുമാർ അഴീക്കോടിനുപോലും സഭാകമ്പം സൃഷ്ടിക്കാൻ മാത്രം ശാന്തഗംഭീരമായിരുന്നു. അതിൽപിന്നെ ജമാഅത്തിന്റെ സംസ്ഥാന സമ്മേളനം ചേർന്നിട്ടില്ല. കേരളത്തിലെ ഇതര മുസ്‌ലിം സംഘടനകൾ ജമാഅത്ത് സമ്മേളനങ്ങളുടെ ശൈലിയും പ്രചാരണ രീതികളും അതേപടി പകർത്തിയിരിക്കെ, ജമാഅത്ത് സമ്മേളനങ്ങൾക്ക് തനതായ പുതുമ ഇനി ഉണ്ടാവണമെന്നുമില്ല. ആദർശരംഗത്ത്, മുസ്‌ലിംകളും അമുസ്‌ലിംകളുമായ വിമർശകർക്ക് അവരുടെ വീക്ഷണഗതികൾ തുറന്നവതരിപ്പിക്കാൻ കലവറയില്ലാതെ അവസരം നൽകുന്നതാണ് ജമാഅത്ത് സമ്മേളനങ്ങളുടെ പ്രകടമായ പ്രത്യേകതകളിലൊന്ന്.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

ഇസ്‌ലാമിനെ കേവലം പാരമ്പര്യമതമെന്നതിലുപരി സർവ മനുഷ്യർക്കും സ്വീകാര്യമായ പൂർണജീവി വ്യവസ്ഥതിയായി അവതരിപ്പിക്കുകയും ചെയ്തതാണ് മുസ്‌ലിംസമൂഹം സാമാന്യമായി അവരിപ്പിക്കുകയും മുസ്‌ലിംസമൂഹം സാമാന്യമായി അതംഗീകരിച്ച് ചെയതതാണ് ചിന്താരംഗത്ത് ജമാഅത്തെ ഇസ്‌ലാമി സാധിച്ച വിപ്ലവമെങ്കിൽ, ഇസ്‌ലാമിക സമഗ്ര ജീവിതവ്യവസ്ഥയായി വിഭാവനം ചെയ്തുകൊണ്ടുള്ള വിദ്യാഭ്യാസ പദ്ധതിക്ക് അടിത്തറ പാകിയാണ് ആ രംഗത്ത് അത് കൈവരിച്ച നേട്ടം. വിദ്യാഭ്യാസത്തെ മതപരമെന്നും ലൗകികമെന്നും വേർത്തിരിച്ചു. മതവിദ്യാഭ്യാസത്തെ അറബി-മലയാളം മീഡിയത്തിലുള്ള പ്രാഥമിക കർമശാസ്ത്ര പഠനത്തിലും ആശയം മനസ്സിലാക്കാതെയുള്ള ഖുർആൻ പാരായണ പരിശീലനത്തിലും ഒതുക്കിയിരിക്കുകയായിരുന്നു കേരളത്തിലെ മദ്രസകൾ. മുജാഹിദ് മദ്രസകളിൽ അറബി ഭാഷാ പഠനത്തിനുകൂടി സ്ഥാനം നൽകുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമിയാകട്ടെ മദ്രാസാ പാഠ്യപദ്ധതിയെ അറബി-മലയാളത്തിൽ നിന്നു മുക്തമാക്കി. പ്രൈമറി ഘട്ടം മുതൽ അറബിഭാഷാ പഠനവും അർഥസഹിതമുള്ള ഖുർആൻ ഹദീസ്-പഠനങ്ങളും ഏർപെടുത്തി. ഇംഗ്ലീഷ്, ഉർദു എന്നീ ഭാഷകളും പൊതുവിജ്ഞാനവും കണക്കും കൂടി ഉൾകൊള്ളുന്ന പാഠ്യപദ്ധതികളോടുകൂടിയ ഫുൾടൈം മദ്രസകളും ജമാഅത്തിന്റെ കീഴിൽ നിലവിൽവന്നു. ചേന്ദമംഗല്ലൂർ (1952), മുള്ള്യാകുർശി, എടയൂർ, കൊടിഞ്ഞി എന്നിവിടങ്ങളിലെ അൽമദ്രസത്തുൽ ഇസ്‌ലാമിയകളാണ് കേരളത്തിൽ ആദ്യമായി നിലവിൽവന്ന ജമാഅത്ത് മദ്രസകൾ.

പിന്നീട് എൽ.പി, യു.പി, സെക്കന്ററി സ്കൂളുകളോടനുബന്ധിച്ച് ബോർഡിംഗ് സൗകര്യങ്ങളോടെയും അല്ലാതെയും മദ്രസകൾ സ്ഥാപിക്കുക ജമാഅത്തിന്റെ ഒരു പ്രധാന പരിപാടിയായി വികസിച്ചു. ഇന്നു കേരളത്തിലാകെ 135 മദ്രസകൾ ജമാഅത്ത് പ്രവർത്തകർ നടത്തിവരുന്നുണ്ട്. 22000 വിദ്യാർഥികൾ ഈ മദ്രസകളിൽ പഠനം നടത്തുന്നു.

സർക്കാർ അംഗീകാരത്തോടെയും അല്ലാതെയും നടത്തുന്ന മതവിദ്യാഭ്യാസത്തിനുകൂടി അർഹമായ സ്ഥാനം നൽകികൊണ്ടു നടത്തുന്ന അൺ എയ്ഡഡ് പ്രൈവറ്റ് സ്കൂളുകളാണ് വിദ്യാഭ്യാസ മേഖലയിൽ നിറവേറ്റുന്ന മറ്റൊരു സേവനം. പൊന്നാനി, തിരൂർ, വണ്ടൂർ, ശാന്തപുരം,

തിരൂർക്കാട്, പഴയങ്ങാടി, കാസർകോഡ്, ചോക്ലി, ആലുവ തുടങ്ങി പന്ത്രണ്ടു സ്ഥലങ്ങളിൽ ഇത്തരം സ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

കോളേജ് വിദ്യാഭ്യാസത്തെസംബന്ധിച്ചിടത്തോളം തുടക്കത്തിൽ ജമാഅത്തിന് ഒരൊറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ -കാലത്തിന്റെ ഭാഷയിൽ എഴുതാനും പ്രസംഗിക്കാനും പ്രവർത്തിക്കാനും യോഗ്യരായ പ്രബോധകരെ വാർത്തെടുക്കുക. ഈ രംഗത്ത് കാസർകോട്ടെ മദ്രസത്തുൽ ആലിയ പ്രസ്ഥാനത്തിനു നൽകിയ സേവനങ്ങൾ വിലപ്പെട്ടതാണെങ്കിലും, ജമാഅത്ത് നേരിട്ട് സ്ഥാപിച്ച ഉന്നത കലാലയം ശാന്തപുരം ഇസ്‌ലാമിയാ കോളേജ് ആണ്. 1955-ൽ സ്ഥാപിതമായ ശാന്തപുരം കോളേജിൽനിന്ന് നൂറുക്കണക്കിൽ യുവ പണ്ഡിതന്മാർ ഇതിനകം പുറത്തുവന്ന് ജീവിതത്തിന്റെ വിവിധ മേഖലകളിൽ രാജ്യത്തിനകത്തും പുറത്തും സേവനമനുഷ്ഠിക്കുന്നു. ഇസ്‌ലാമിയാ കോളേജ് കുറ്റ്യാടി (1956), ഇസ്‌ലാഹിയാ കോളേജ് ചേന്ദമംഗല്ലൂർ (1960), ഇലാഹിയാ കോളേജ് തിരൂർക്കാട്, ഇസ്‌ലാമിയാകോളേജ് വാടാനപ്പള്ളി (1979) എന്നിവയും ഇതേ മാതൃകയിൽ നിലവിൽ വന്ന ഉന്നതസ്ഥാപനങ്ങളാണ്.

ജമാഅത്ത് പ്രവർത്തകരിൽ സ്വന്തം ഉത്തരവാദിത്തത്തിൽ പലേടങ്ങളിലായി സ്ഥാപിച്ച് നടത്തിവരുന്ന മദ്രസകൾ, കോളേജുകൾ എന്നിവയുടെയും ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിനും പാഠ്യപദ്ധതിയുടെ ഏകീകരണത്തിനും വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾക്കുംവേണ്ടി 1979-ൽ, ഹൽഖാ കേന്ദ്രത്തിൽ മജ്‌ലിസുത്തഅലീമിൽ ഇസ്‌ലാമി നിലവിൽവന്നു. മദ്രസകൾക്കുവേണ്ടി മജ്‌ലിസ് തയാറാക്കിയ പാഠപുസ്തകങ്ങൾ ഏഴാംതരം വരെ മിക്കവാറും പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സ് അംഗീകരിച്ച കോളേജുകൾക്കുവേണ്ടി ഏകീകൃത സിലബസും മജ്‌ലിസ് നടപ്പാക്കിയിരുന്നു. ഡിഗ്രി അല്ലെങ്കിൽ അഫ്സലുൽ ഉലമാ(ഫൈനൽ)തലം വരെ ഉൾക്കൊള്ളുന്ന 13 കോളേജുകളും പ്രീഡിഗ്രി അല്ലെങ്കിൽ അഫ്സലുൽ ഉലമാ (പ്രിലിമിനറി) ഘട്ടം വരെയുള്ള 16 കോളേജുകളുമാണ് മജ്‌ലിസിന്റെ കീഴിൽ ഇപ്പോൾ നിലവിലുള്ളത്. ഇവയിൽ വണ്ടൂർ വനിതാ കോളേജ്, ഇസ്‌ലാഹിയാ വനിതാ കോളേജ് ചേന്ദമംഗല്ലൂർ, മൂവാറ്റുപുഴ ഇസ്‌ലാമിയാ വനിതാ കോളേജ്, അൽഫലാഹ് വനിതാ കോളേജ് പെരിങ്ങാടി, തലശ്ശേരി, വടകര എന്നിവ വനിതാ വിദ്യാഭ്യാസരംഗത്തു വിലയേറിയ സേവനങ്ങൾ നിറവേറ്റുന്നു.

മുൻ കാലങ്ങളിലെ ഐത്തവും ബഹിഷ്കരണങ്ങളുമൊക്കെ അവസാനിച്ചു. ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധമില്ലാത്തവരും സന്താനങ്ങളെ ജമാഅത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കയക്കുന്നു എന്നതാണ് സമീപകാലത്തെ ശ്രദ്ധേയമായ മാറ്റം. അതുപോലെ ജമാഅത്ത് കോളേജുകളിൽ ആദ്യമായി ആരംഭിച്ച ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സ് ഇന്ന് സുന്നി, മുജാഹിദ് കേന്ദ്രങ്ങളിൽ സ്വീകാര്യത നേടിക്കഴിഞ്ഞതും എടുത്തുപറയേണ്ടതാണ്. ഉന്നത വിദ്യാഭ്യാസത്തിന് കേരളത്തിലെ ഇസ്‌ലാമിക സ്ഥാപനങ്ങളെ മാത്രം ആശ്രയിക്കാതെ വിദ്യാർഥികളെ കേരളത്തിനു പുറത്ത് ഉമറാബാദ്, ലഖ്നൗ എന്നിവിടങ്ങളിലും ഗൾഫ് നാടുകളിലെ ഉന്നത കലാലയങ്ങളിലേക്കും തെരഞ്ഞെടുത്തയക്കുന്ന പതിവ് വിദ്യാസമ്പന്നരായ പ്രവർത്തകരെ സൃഷ്ടിക്കുന്നതിന് കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. അവർ മുഖേനയും അല്ലാതെയുമായി സൗദി അറേബ്യ, ഖത്തർ, ഒമാൻ, യു.എ.ഇ, കുവൈത്ത്, ബഹ്റൈൻ എന്നീ നാടുകളിൽ ശക്തവും വിപുലവും പ്രവർത്തനക്ഷമവുമായ ഇസ്‌ലാമിക പ്രസ്ഥാന ശൃംഖലകൾ നിലവിൽവന്നു കഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾക്കു മുതൽക്കൂട്ടായ ഈ ഗൾഫ് ശൃംഖലകൾ ഒട്ടുമുക്കാലും കേരളത്തിന്റെ സംഭാവനയാണെന്നു കാണാം.

**പള്ളികൾ**

പ്രവർത്തനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ സ്വന്തമായി പള്ളികൾ സ്ഥാപിക്കുക എന്ന പരിപാടിയേ ജമാഅത്തിനുണ്ടായിരുന്നില്ല. മുസ്‌ലിംകളുടെ പൊതുസ്വത്തായ പള്ളികളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചു മാത്രമേ ചിന്തിച്ചിരുന്നുള്ളൂ. ശാന്തപുരം, ചേന്ദമംഗല്ലൂർ, കുറ്റ്യാടി തുടങ്ങി അപൂർവം ചിലയിടങ്ങളിൽ ജുമുഅഃ ഖുത്തുബ നിർവഹിക്കാനുള്ള സൗകര്യം ജമാഅത്ത് പണ്ഡിതന്മാർക്ക് ലഭിക്കുകയുണ്ടായി. എന്നാൽ പ്രസ്ഥാനം വളർന്നു വികസിക്കുകയും പള്ളികൾ പ്രബോധന സംസ്കരണ പ്രവർത്തനങ്ങളുടെ ഫലപ്രദമായ മാധ്യമാണെന്നു ബോധ്യപ്പെടുകയും മത സംഘടനകളുടെ നിയന്ത്രണത്തിലുള്ള പള്ളികൾ ജമാഅത്തുകാരെ സംബന്ധിച്ചിടത്തോളം വിലക്കപ്പെടുന്ന അനുഭവങ്ങൾ നിരന്തരമായുണ്ടാവുകയും ചെയ്തപ്പോൾ സൗകര്യവും സാധ്യതയുമുള്ളിടത്ത് പള്ളികൾ സ്ഥാപിക്കുക ജമാഅത്തിന്റെ പരിപാടിയുടെ ഭാഗമായി. ഗൾഫിൽനിന്നുള്ള ധന സഹായങ്ങളാണ് ഈ പരിപാടി വിജയിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചത്.

ഇന്ന് കായംകുളം, എറണാകുളം, തൃശൂർ, മാള, പാലക്കാട്, ചാവക്കാട്, പെരിന്തൽമണ്ണ, മലപ്പുറം, മഞ്ചേരി, വണ്ടൂർ, നിലമ്പൂർ, എടക്കര, രാമനാട്ടുകര, കോട്ടക്കൽ, തിരൂർ, ചെമ്മാട്, കൊണ്ടോട്ടി, അരീക്കോട്, മുക്കം, ഓമശ്ശേരി, താമരശ്ശേരി, തുരുവമ്പാടി, കൽപറ്റ, സുൽത്താൻ ബത്തേരി, കുന്ദമംഗലം, കോഴിക്കോട്, വടകര, കണ്ണൂർ, പഴയങ്ങാടി തുടങ്ങി പ്രധാന കേന്ദ്രങ്ങൾ ഉൾപ്പടെ 225 സ്ഥലങ്ങളിൽ ജമാഅത്ത് പ്രവർത്തകർ സ്വന്തമായോ മറ്റുള്ളവരുമായി സഹകരിച്ചോ ജുമുഅത്ത് പള്ളികൾ സ്ഥാപിച്ചു നടത്തിവരുന്നു. പതിനായിക്കണക്കിൽ വിശ്വാസികളെ ആഴ്ചതോറും ബോധവൽക്കരിക്കാനുതകുന്ന ഈ പള്ളികൾ നേരിടുന്ന മുഖ്യ പ്രശ്നം പരിചയസമ്പന്നരായ ഖത്തീബുമാരുടെ ക്ഷാമമാണ്. മേരിക്കുന്നിൽ 1990-ൽ സ്ഥാപിതമായ ദഅ്‌വത്ത് കോളേജ് ക്രമേണ പ്രശ്നപരിഹാരത്തിനുതകും എന്നാണ് പ്രതീക്ഷ. പള്ളികളിൽ അമുസ്‌ലിം പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മതമൈത്രി സംഗമങ്ങൾക്കു വേദിയൊരുക്കുക എന്ന പ്രശംസാർഹമായ പരീക്ഷണവും ജമാഅത്തു പ്രവർത്തകർ ആരംഭിച്ചിട്ടുണ്ട്.

**സാമൂഹിക ക്ഷേമം**

ഇസ്‌ലാമിനെ ആചാരാനുഷ്ഠാനങ്ങളിൽ തളച്ചിടാത്ത ഒരു സമ്പൂർണ പ്രസ്ഥാനത്തിന്, സാമൂഹികക്ഷേമത്തനായുള്ള ഇസ്‌ലാമികാധ്യാപനങ്ങളെ സാധ്യമായ പരിധികളിലെങ്കിലും പ്രായോഗികമാക്കാതിരിക്കാനാവില്ല. യഥാർഥത്തിൽ ഒരിസ്‌ലാമിക ഗവൺമെന്റിന്റെ സാന്നിധ്യത്തിൽ മാത്രമേ സാമൂഹിക നീതിയുടെ ഇസ്‌ലാമിക സങ്കൽപം നേരാംവണ്ണം നടപ്പാക്കാനാവൂ. ഇസ്‌ലാമിക സ്തംഭങ്ങളിൽ അതിപ്രധാനമായ സകാത്ത് വ്യവസ്ഥ പോലും പൂർണാർഥത്തിൽ പ്രയോഗവൽക്കരിക്കാൻ ഭരണകൂടത്തിനേ സാധിക്കൂ. എങ്കിലും വ്യക്തികളുടെ ധാർമികബോധത്തിനും സംസ്കരണത്തിനും ഇസ്‌ലാം ശക്തമായ ഊന്നൽ നൽകുന്നതുകൊണ്ട്, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് അധികാരത്തിന്റെ പിൻബലമില്ലാതെ നടപ്പാക്കാൻ കഴിയുന്ന സാമൂഹിക ക്ഷേമ പദ്ധതികളും പരിപാടികളുമുണ്ട്. അതിലേറ്റവും പ്രധാനം സകാത്ത് സാമൂഹികവിതരണം തന്നെ.

ജമാഅത്ത് അംഗങ്ങളുടെ സകാത്ത് ബൈത്തുൽമാലിനെ ഏൽപിക്കുകയാണ് നിശ്ചിത വ്യവസ്ഥ. ബൈത്തുൽമാൽ സകാത്ത്സംഖ്യ അർഹമായ അവകാശികൾക്കിടയിൽ വിതരണം ചെയ്യുന്നു. ഇസ്‌ലാമിക പ്രവർത്തനങ്ങൾക്കും ഒരു വിഹിതം ലഭിക്കും. എന്നാൽ, ജമാഅത്ത് ഘടകങ്ങളോ പ്രവർത്തനവൃത്തങ്ങളോ നിലവിലുള്ള പ്രദേശങ്ങളിൽ, സഹകരിക്കുന്ന എല്ലാ മുസ്‌ലിംകളിൽനിന്നും സകാത്ത് തുക പിരിച്ചെടുത്ത് അതതു പ്രദേശങ്ങളിലെ അർഹർക്കിടയിൽ വിതരണം ചെയ്യുന്ന സംഘടിത സംവിധാനം നിലവിലുണ്ട്. ഫിത്തർസകാത്തിന്റെ സാമൂഹിക സംഭരണവും വിതരണവും ഏതാണ്ടെല്ലാ ഹൽഖകളും കാര്യക്ഷമമായി നടത്തിവരുന്നു.

പാവങ്ങളെയും ഇടത്തരക്കാരെയും കടക്കെണിയിൽനിന്ന് ഒരളവോളമെങ്കിലും രക്ഷിക്കാനുതകുന്ന ഏർപ്പാടാണ് പലിശരഹിത വായ്പാനിധികൾ. കേരളത്തിൽ 116 പലിശരഹിത നിധികൾ ജമാഅത്ത്

പ്രവർത്തകർ നടത്തിവരുന്നതായാണ് ഒടുവിലത്തെ കണക്ക്. ഇവയുടെ ഏകീകരണത്തിനും പ്രവർത്തനങ്ങളുടെ കാര്യക്ഷമതക്കുംവേണ്ടി ഒരു മാർഗനിർദേശകവേദി ഈയിടെ നിലവിൽ വന്നിട്ടുണ്ട്.

ദുരിതാശ്വാസപ്രവർത്തനങ്ങളും ആപത്തുകൾ നേരിട്ടവർക്കുള്ള ധനസഹായവും ജമാഅത്തിന്റെ സാമൂഹികസേവന സംരംഭങ്ങളിൽ എല്ലായ്പ്പോഴും പ്രഥമസ്ഥാനം നേടിയിട്ടുണ്ട്. ഓരോ ഘട്ടവും അതിന്റെ പരിധിയിൽ നിറവേറ്റുന്ന ഈ സേവനം പ്രശ്നത്തിന്റെ ഗൗരവമനുസരിച്ച് സംസ്ഥാനതലത്തിലും നിർവഹിക്കാറുണ്ട്.

തലശ്ശേരി കലാപവും തിരുവനന്തപുരം കലാപവും ഉദാഹരണങ്ങളാണ്. 1990 ആഗസ്റ്റിൽ ഇറാഖിലെ കുവൈത്ത് അധിനിവേശത്തെതുടർന്ന് ലക്ഷക്കണക്കിൽ ഇന്ത്യക്കാർ കുവൈത്തിൽനിന്ന് ഒഴിച്ചുമാറ്റപ്പെടേണ്ടിവന്നു. സർവസ്വവും നഷ്ടപ്പെട്ട് ബോംബെ സഹാർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ വന്നിറങ്ങിക്കൊണ്ടരുന്ന കുവൈത്ത് ഇന്ത്യക്കാർ, ബോംബെയിൽ തങ്ങേണ്ടിവന്ന ഇടവേളയിൽ അവർക്ക് ഭക്ഷണവും പരിചരണവും നൽകുന്നതിൽ കേരള ജമാഅത്തെ ഇസ്ലാമി നിയോഗിച്ച ടീം മുൻപന്തിയിലായിരുന്നു. പാലക്കാട് റെയിൽവെ സ്റ്റേഷനിലും ഈ സേവനം തുടരുകയുണ്ടായി.

ആതുരശുശ്രൂഷാരംഗത്ത് അതീവ ശുഷ്കമാണ് കേരള മുസ്ലിംകളുടെ പങ്ക്. പതിനെട്ട് ആശുപത്രികൾ ആരംഭിച്ചുകൊണ്ട് ഈ മേഖലയിൽ ആവേശകരമായ അരങ്ങേറ്റം നടത്തിയ എം.ഇ.എസ്. ക്രമേണ രംഗം വിടുകയായിരുന്നു. ഇപ്പോൾ ഡിസ്പെൻസറികൾ മാത്രമാണ് എം.ഇ.സിന്റെ കീഴിൽ നടക്കുന്നത്. കാസർകോട്ട് ഏതാനും മുസ്ലിം പ്രമുഖർ ചേർന്നു നടത്തുന്ന 150 ബെഡ്ഡുകളുള്ള മാലിക് ദീനാർ ചാരിറ്റബ്ൾ ഹോസ്പിറ്റൽ വിജയകരമായ സംരംഭമാണ്. ആതുരശുശ്രൂഷാരംഗത്ത് കേരള ജമാഅത്തെ ഇസ്ലാമിയുടെ സംഭാവനകളും എടുത്തുപറയാൻ മാത്രം വലുതല്ല. 18 ബെഡ്ഡുകളോടെ കൊടുങ്ങല്ലൂരിലും 50 ബെഡ്ഡുകളോടെ ഓമശ്ശേരയിലും പ്രവർത്തിക്കുന്ന രണ്ടാശുപത്രികൾ ഇതിന്നപവാദമാണ്. തലശ്ശേരിയിലെ ഇബ്നുസീനാ ചാരിറ്റബ്ൾ ആശുപത്രി വലിയ പ്രതീക്ഷകളുണർത്തിയെങ്കിലും ഇപ്പോൾ പ്രതിസന്ധിയെ നേരിടുന്നു.

സ്പെഷ്യലിസ്റ്റുകൾ ഉൾപെടെ ആറ് സ്ഥിരം ഡോക്ടർമാരും മൂന്ന് വിസിറ്റിംഗ് ഡോക്ടർമാരും സേവനമനുഷ്ഠിക്കുന്ന ഓമശ്ശേരി ഇസ്ലാമിക് വെൽഫയർ ട്രസ്റ്റിന്റെ ശാന്തി ഹോസ്പിറ്റൽ പുരോഗതിയുടെ പടവുകൾ കയറിക്കൊണ്ടരിക്കുന്നു എന്നത് തൂർച്ചയായും സുവാർത്തയാണ്.

അനാഥസംരക്ഷണത്തിന് ഇസ്ലാം നൽകിയ മുന്തിയ പരിഗണന മുഖവിലക്കെടുത്തവരാണ് കേരളത്തിലെ മുസ്ലിംകൾ. 1922-ൽ വെള്ളിമാട്കുന്നിൽ ഖസൂരി സഹോദരന്മാർ സ്ഥാപിച്ച ജെ.ഡി.റ്റി. ഇസ്ലാം യത്തീംഖാനയോടെയാണ് കേരളത്തിൽ മുസ്ലിം അനാഥശാലാ പ്രസ്ഥാനത്തിന്റെ തുടക്കം. ഇന്നവയുടെ എണ്ണം 95-ൽ ചെന്നുനിൽക്കുന്നു. 25,000-ത്തോളം അനാഥരും അഗതികളും ഈ അനാഥശാലയുടെ അനുഗ്രഹങ്ങൾ പങ്കിടുന്നു എന്നാണ് കണക്ക്. നാമമാത്രമായ സർക്കാർ ഗ്രാന്റുകളിലുപരി പൊതുജനങ്ങളുടെ സംഭാവനകളും അന്താരാഷ്ട്ര മുസ്ലിം ചാരിറ്റി ഏജൻസികളും ധനസഹായവുമാണ് അനാഥശാലാ അന്തേവാസികളുടെ ചെലവുകൾക്കാധാരം. ജമാഅത്തെ ഇസ്ലാമിയുടെ നിയന്ത്രണത്തിലുള്ള ട്രസ്റ്റുകളും സൊസൈറ്റികളും അനാഥസംരക്ഷണ രംഗത്തേക്ക് പ്രവേശിച്ചത് വൈകിയാണ്. എങ്കിലും പതിനൊന്ന് അനാഥശാലകളുണ്ട് ഇവയുടെ കീഴിൽ. എടുത്തുപറയാവുന്ന ഏറ്റവും വലിയ സ്ഥാപനം വാടാനപ്പള്ളി ഇസ്ലാമിക് എഡുക്കേഷൻ ട്രസ്റ്റിന്റെ അനാഥശാല തന്നെ. മൊത്തം 718 അന്തേവാസികൾ ഈ സ്ഥാപനത്തിലുണ്ട്. അവരിൽ 396 പേർ ആർട്സ് ആന്റ് ഇസ്ലാമിക് കോഴ്സിന് അംഗീകരിച്ച ഇസ്ലാമിയാ കോളേജ് വിദ്യാർഥികളാണ്. 1989-ൽ കൊടിയത്തൂർ വാദിറഹ്മ കോംപ്ലക്സിൽ ചേന്ദമംഗല്ലൂർ ഇസ്ലാഹിയാ അസോസിയേഷൻ സ്ഥാപിച്ച അൽഇസ്ലാഹ് ഓർഫനേജ് വൃത്തിയിലും വ്യവസ്തയിലും പഠനനിലവാരത്തിലും മൊത്തം അനാഥശാലകളുടെ മുൻപന്തിയിൽനിൽക്കുന്നു. നൂറോളം അനാഥരുള്ള ഈ സ്ഥാപനമാണ് കേരള സ്റ്റേറ്റ് മുസ്ലിം അനാഥശാലാ കോ-ഓർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്തെ മുസ്ലിം അനാഥശാലകൾക്കുവേണ്ടി നടത്തിയ വൈജ്ഞാനിക-കലാ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ഒന്നാം സ്ഥാനത്തെത്തിയത്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ജമാഅത്ത് സ്ഥാപനങ്ങൾ അർഹമായ പരിഗണന നൽകിത്തുടങ്ങിയിട്ടുണ്ട്. തിരൂർക്കാട് ഹമദ് ഐ.ടി.സി, പഴയങ്ങാടി വാദിഹുദയിലെ ഐ.ടി.സി, കാസർകോട് ആലിയ കോംപ്ലക്സിലെ ആലിയ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മികച്ച സ്ഥാപനങ്ങളാണ്.

കുടുംബക്ഷേമമാണ് സാമൂഹികക്ഷേമത്തിന്റെ അടിത്തറ. കുടുംബക്ഷേമം ആദർശാധിഷ്ഠിതവും അനാചാരമുക്തവുമായ വിവാഹബന്ധങ്ങളെ ആശ്രയിച്ചിരിക്കുന്നു. സ്ത്രീധനത്തിനും വിവാഹങ്ങളോടനുബന്ധിച്ച ധൂർത്തിന്നുമെതിരെ കേരള ജമാഅത്തെ ഇസ്ലാമി 1987-ൽ സംഘടിപ്പിക്കപ്പെട്ട സംസ്ഥാന വ്യാപകമായ ബോധവൽക്കരണ പരിപാടി ഈ ദിശയിൽ ആസൂത്രിതമായ പ്രഥമ കാൽവയ്പായിരുന്നു. പിന്നീട് ഹൽഖാകേന്ദ്രത്തിൽ ഇസ്ലാമിക് മാര്യേജ് ബ്യൂറോ വ്യവസ്ഥാപിതമായി പ്രവർത്തനമാരംഭിച്ചു. അതിന്റെ കീഴിൽ സ്ത്രീധനരഹിത വിവാഹങ്ങൾ ഒറ്റപ്പെട്ടും കൂട്ടായും നടക്കുന്നു. 1992 ജനുവരിയിൽ കോഴിക്കോട്ടു നടന്ന ഒൻപത് ജോഡികളുടെ സമൂഹവിവാഹം ശ്രദ്ധേയമാണ്. എങ്കിലും, പ്രശ്നത്തിന്റെ സങ്കീർണതയും രൂക്ഷതയം പരിഗണിക്കുമ്പോൾ മാര്യേജ് ബ്യൂറോ തികച്ചും ശൈശവദശയിലാണെന്നേ പറയാനാവൂ.

## സ്ത്രീകൾ, വിദ്യാർഥി യുവജനങ്ങൾ

സമഗ്ര പരിവർത്തനം ലക്ഷ്യമാക്കുന്ന ഒരു പ്രസ്ഥാനത്തിനും സമൂഹത്തിന്റെ പകുതിയായ സ്ത്രീകളെയും, ശക്തിയുടെയും ചലനത്തിന്റെയും സോത്രസ്സായ വിദ്യാർഥി യുവജനങ്ങളെയും അവഗണിക്കാനാവില്ല. ജമാഅത്തെ ഇസ്ലാമി തുടക്കം മുതൽക്കേ വനിതാക്ലാസുകൾ സംഘടിപ്പിച്ചു വന്നിരുന്നു. പിന്നീട് വനിതാ ഹൽഖകൾ രൂപീകൃതമായി. ഇന്ന് കേരളത്തിലാകെ 102 വനിതാ ഹൽഖകളാണുള്ളത്. എങ്കിലും വെറും 15 വനിതാ അംഗങ്ങൾ മാത്രമേ കേരളഹൽഖയിലുള്ളൂ.

മുതർന്ന തലമുറയെ അപേക്ഷിച്ച് സജീവവും ശക്തവുമാണ് യുവവനിതാ വിഭാഗത്തിലെ പ്രവർത്തനങ്ങൾ. 1960-ൽ ചേന്ദമംഗല്ലൂരിൽ ആരംഭിച്ച മദ്രസത്തുൽ ബനാത്താണ് വനിതാ വിദ്യാഭ്യാസരംഗത്ത് ജമാഅത്ത് ആദ്യമാരംഭിച്ച സംരംഭം. ഇന്നത് 140 വിദ്യാർഥിനികൾ പഠിക്കുന്ന ഇസ്ലാഹിയാ വനിതാ കോളേജാണ്. തലശ്ശേരി, പെരിങ്ങാടി, വടകര, കുറ്റ്യാടി, വണ്ടൂർ, തിരൂർക്കാട്, മവാറ്റുപുഴ എന്നിവിടങ്ങളിലും ഇന്ന് ജമാഅത്തു നിയന്ത്രണത്തിലുള്ള വനിതാ കോളേജുകളുണ്ട്. ശാന്തപുരം ഇസ്ലാമിയാ കോളേജിന്റെ അനുബന്ധ സ്ഥാപനമായ വണ്ടൂർ വനിതാ കോളേജാണ് ഇക്കൂട്ടത്തിൽ ഏറ്റവും വലുത്. ജമാഅത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച യുവതികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വനിതകൾക്കിടയിൽ പ്രസ്ഥാന പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ പ്രവർത്തനങ്ങൾക്ക് ഐക്യരൂപവും കാര്യക്ഷമതയും കൈവന്നത് 1984-ൽ ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ (ജി.ഐ.ഒ) രൂപീകരണത്തോടെയാണ്. പാലക്കാട് സ്വദേശിനിയും ചേന്ദമംഗല്ലൂർ ഇസ്ലാഹിയാ വനിതാ കോളേജിലെ ഇംഗ്ലീഷ് അധ്യാപികയായ എ. റഹ്മത്തുന്നിസാ പ്രസിഡന്റായുള്ള ജി.ഐ.ഒ.വിൽ ഇപ്പോൾ അംഗങ്ങളാണുള്ളത്. വ്യാപകമായ പ്രചാരമുള്ള 'ആരാമം' വനിതാമാസിക സ്ത്രീകളുടെ ബോധവൽക്കരണത്തിൽ ഗണനീയമായ പങ്കു വഹിച്ചിട്ടുണ്ട്.

1969-ൽ ഫാറൂഖ് കോളേജ് കാമ്പസ് കേന്ദ്രമാക്കി ജമാഅത്ത് അനുഭാവികളായ വിദ്യാർഥികൾ രൂപം നൽകിയ ഐഡിയൽ സ്റ്റുഡന്റ്സ് ലീഗിൽ ജമാഅത്തിന്റെ ഔദ്യോഗികാഭിമുഖ്യം ഉണ്ടായിരുന്നില്ലെങ്കിലും, വിദ്യാർഥി യുവജനങ്ങളിൽ പ്രസ്ഥാ

നബോധം വളർത്തുന്നതിൽ ആ സംഘടന പ്രശംസാർഹമായ പങ്കു വഹിക്കുകയുണ്ടായി. 1975-ൽ അടിയന്തരാവസ്ഥക്കാലത്ത് ജമാഅത്ത് നിയമവിരുദ്ധമാക്കപ്പെട്ടപ്പോൾ ഐ.എസ്.എല്ലിനെ അതിന്റെ ഭാരവാഹികൾ പിരിച്ചുവിട്ടു. പിന്നീട് 1977-ൽ അഖിലേന്ത്യാ തലത്തിൽ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (SIMI) രൂപീകൃതമായ ശേഷം, അതിന്റെ പ്രവർത്തനങ്ങളോട് ജമാഅത്ത് സഹകരിക്കുകയുണ്ടായി. എന്നാൽ, 1983-ൽ, വിവിധ സംസ്ഥാനങ്ങളിലെ ജമാഅത്ത് അനുകൂല വിദ്യാർഥി സംഘടനകൾ ചേർന്നു രൂപം നൽകിയ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ (SIO) ആണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ രക്ഷാധികാരത്തിലുള്ള വിദ്യാർഥി സംഘടന. ഇന്ന് കേരളത്തിലാകെ എസ്.ഐ.ഒ.വിന് ഘടകങ്ങളും പ്രവർത്തകരുമുണ്ട്. ജമാഅത്ത് ഘടകങ്ങൾ നിലവിലില്ലാത്ത പ്രദേശങ്ങളിലും എസ്.ഐ.ഒ.വിന് യൂനിറ്റുകളുണ്ട്. പ്രാപ്തരായ പ്രവർത്തകരെ പ്രസ്ഥാനത്തിന് സംഭാവന ചെയ്യുന്നതിൽ എസ്.ഐ.ഒ. പ്രസ്താവ്യമായ പങ്കുവഹിക്കുന്നു. രൂപീകരണത്തിന്റെ ആദ്യഘട്ടത്തിലുണ്ടായ എസ്.ഐ.ഒ-സിമി പ്രശ്നങ്ങൾ കാലക്രമത്തിൽ തീർത്തും കെട്ടടങ്ങി എന്നു പറയാം. അതുപോലെ സിമിക്ക് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധമില്ലെന്ന സത്യവും പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

**മസ്തിഷ്കവും നാവും തൂലികയും**

ഏത് പ്രസ്ഥാനത്തിന്റെയും ജീവനും ശക്തിയും ശബ്ദവും അതിന് ബുദ്ധിപരമായി നേതൃത്വം നൽകുന്ന മസ്തിഷ്കങ്ങളും അതിന്റെ ആദർശപ്രചരണം നിർവഹിക്കുന്ന പ്രസംഗകരും എഴുത്തുകാരും ആയിരിക്കും. മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദി(റ)യുടെ അനുഗ്രഹീതമായ മസ്തിഷ്കവും തൂലികയും നാവും ആയിരുന്നല്ലോ ജമാഅത്തിന്റെ രൂപീകരണതത്തിനാധാരം. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി, മർഹൂം മൗലാനാ മസ്ഊദ് ആലം നദ്‌വി, മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹി തുടങ്ങിയ മഹാത്മാക്കളുടെ പാണ്ഡിത്യവും രചനകളും പ്രസ്ഥാനത്തിന് മറക്കാനാവാത്ത മുലതൽക്കൂട്ടുകളായിരുന്നു.

കേരളത്തിൽ ഹാജിസാഹിബിന്റെ സംഘാടകശേഷിയും പ്രസംഗപാടവവും ഒരുപോലെ പ്രസ്ഥാനത്തെവളർത്തുന്നതിൽ പ്രധാന പങ്കു വഹിച്ചു. ഇന്നും പ്രസ്ഥാനത്തിന്റെ മസ്തിഷ്കവും ശബ്ദവും തൂലികയുമായ കെ.സി. അബ്ദുല്ലാഹ് മൗലവി, പ്രതിഭാധനനായിരുന്ന ടി. മുഹമ്മദ് സാഹിബ്, ടി. ഇസ്ഹാഖലി മൗലവി, സംഘാടകനും പ്രാസംഗികനുമായിരുന്ന കെ.ടി. അബ്ദുല്ല മൗലവി, കെ.പി. അഹ്മദ് മൗലവി, വി.കെ.എം. ഇസ്സുദ്ദീൻ മൗലവി, എസ്.എം. ഹനീഫ് സാഹിബ് എന്നിവരുടെ പേരുകൾ കേരള ജമാഅത്തിന്റെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. ജീവിച്ചിരിക്കുന്നവരിൽ ടി.കെ. അബ്ദുല്ല സാഹിബിനോളം പ്രയോജനനപ്പെട്ട നാവ് കേരള ജമാഅത്തിലില്ല. എന്നാൽ സെക്യുലർ വിദ്യാഭ്യാസ പശ്ചാത്തലത്തിൽനിന്ന് പ്രസ്ഥാനരംഗത്തേക്ക് കടന്നുവന്ന പ്രതിഭകൾ കേരള ജമാഅത്തിൽ അത്യപൂർവമായേ ഉണ്ടായിട്ടുള്ളൂ എന്ന് ഓർക്കാതെവയ്യ. ആ ശൂന്യത എസ്.ഐ.ഒ.വിലൂടെ വലുതായി നികത്തപ്പെടുന്നുമില്ല. ഔപചാരിക വിദ്യാഭ്യാസം ഇല്ലാതിരിക്കെ, പ്രാസ്ഥാനിക വിദ്യാഭ്യാസത്തിലൂടെ തെളിഞ്ഞുവന്ന പലരും കേരള ജമാഅത്തിലുണ്ട്. ഇന്ന് ഗ്രന്ഥരചന, പത്രപ്രവർത്തനം, പ്രസംഗം, ഖുത്തുബ തുടങ്ങിയ രംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മിക്കവരും ജമാഅത്ത് സ്ഥാപനങ്ങളുടെ തന്നെ സന്തതികളാണ്. ജ. ശൈഖ്മുഹമ്മദ് കാരകുന്ന് ശ്രദ്ധേയമായ അപവാദമാണെങ്കിലും.

**നഷ്ടങ്ങൾ**

സമർഥരും നിസ്വാർഥരുമായ പ്രവർത്തകരുടെ ദേഹവിയോഗംമൂലം ഏറെ നഷ്ടം സഹിച്ചിട്ടുണ്ട് കേരള ജമാഅത്തെ ഇസ്‌ലാമി. 1950-ൽ നിര്യാതനായ വളാഞ്ചേരി സ്വദേശി പി. മൊയ്തുണ്ണിയുടെ പേരാണ് മരണപ്പെട്ടുപോയ ജമാഅത്തംഗങ്ങളുടെ പട്ടികയിൽ ആദ്യത്തേത്. 1991 നവമ്പർ 5-ന്, ഹൽഖാ കേന്ദ്രത്തിൽ വന്ന് അംഗത്വം ഔപചാരികമായി ഏറ്റുവാങ്ങാനിരിക്കെ ഈ ലോകത്തോട് വിടപറഞ്ഞ പട്ടാമ്പിയിലെ പ്രൊഫസർ വി. മുഹമ്മദലിയാണ് 108-ാമത്തെ ആളായി പട്ടികയുടെ ഏറ്റവും ഒടുവിൽ.

രാജിവെക്കുകയോ ഒഴിവാക്കപ്പെടുകയോ ചെയ്തവരും ജമാഅത്തിന്റെ ചരിത്രത്തിലുണ്ട്. കോഴിക്കോട്ട് ആരംഭകാലത്തെ സജീവ പ്രവർത്തകനായിരുന്ന പി.സി. മുഹമ്മദ് ഹനീഫ് മൗലവിയിൽനിന്ന് അതാരംഭിക്കുന്നു; 48-ാമനായി നീർക്കുന്നത്തെ എ.എ. അസീസും. അംഗത്വം ഒഴിവായ ചിലരെങ്കിലും പ്രവർത്തനരംഗത്ത് സഹകരണം തുടർന്ന് നൽകിയിട്ടുണ്ട്. ഒരാൾ വീണ്ടും അംഗമായി.

**പ്രയാസങ്ങൾ, വെല്ലുവിളികൾ**

സുന്നികളും മുജാഹിദുകളുമായ മതപണ്ഡിതന്മാരുടെ അതിരൂക്ഷമായ എതിർപ്പുകളും ദുഷ്പ്രചാരങ്ങളുമാണ് കേരളത്തിൽ ജമാഅത്ത് തുടക്കം മുതൽ ഇന്നുവരെ നേരിടുന്ന പ്രയാസങ്ങളിൽ പ്രധാനമായത്. ഈമാൻ കാര്യങ്ങൾ അഞ്ചാക്കി, ദീനും ദുൻയാവും ഒന്നാക്കി, ഇബാദത്തുകളുടെ അർഥം തെറ്റാക്കി എന്ന് തുടങ്ങിയ ആരോപണങ്ങൾക്ക് മിക്കവാറും അരനൂറ്റാണ്ടു കാലത്തെ പഴക്കമുണ്ട്. എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും അനുസ്യൂതം മറുപടി നൽകപ്പെട്ടിട്ടുണ്ടെങ്കിലും മതപണ്ഡിതന്മാർ പഴകിയ ആരോപണങ്ങൾ, വളിച്ചഭാഷയിൽ തുടരുന്നു. സുന്നിപണ്ഡിതന്മാരായിരുന്ന മർഹൂം വാണിയമ്പലം അബ്ദുറഹ്മാൻ മുസ്‌ലിയാർ, ജനാബ് കെ. ഹസ്സൻ മുസ്‌ലിയാർ എന്നിവരും ജീവിച്ചിരിക്കുന്ന മുജാഹിദ് പണ്ഡിതന്മാരായ കെ. ഉമർ മൗലവി, പി.പി. അബ്ദുൽ ഗഫൂർ മൗലവി തുടങ്ങിയവരും ജമാഅത്ത് വിരോധത്തിൽ മറ്റെല്ലാവരെയും കടത്തിവെട്ടിയവരാണ്. മുജാഹിദ് യുവപണ്ഡിതന്മാരിൽ അധികപേരും ഇന്നാമാർഗത്തിൽതന്നെ ചലിക്കുന്നു. കാഞ്ഞങ്ങാട്, വല്യാപ്പള്ളി, എടപ്പാൾ, തിരുവനന്തപുരം തുടങ്ങിയ പലയിടങ്ങളിലും ജമാഅത്ത് പ്രവർത്തകർ ശാരീരികമായ കയ്യേറ്റങ്ങൾക്ക് വിധേയരായിട്ടുണ്ട്.

മതേതരവൃത്തങ്ങളിൽനിന്ന് ജമാഅത്തിനു നേരെയുള്ള എതിർപ്പുകൾ ശക്തമായാരംഭിച്ചത് 1960-കളിലാണ്. മുൻപന്തിയിൽ കമ്യൂണിസ്റ്റുകാരായിരുന്നു. ഇന്നും കമ്യൂണിസ്റ്റുകാരുടെയും അൾട്രാ സെക്യുലരിസ്റ്റുകളുടെയും വിമർശനങ്ങൾ തുടരുന്നു. പക്ഷേ, കമ്യൂണിസത്തിന്റെ ആഗോള പതനവും ഇന്ത്യയിൽ ഹൈന്ദവ ഫാഷിസത്തിന്റെ വളർച്ചയും ആരോപണത്തിന്റെ തീഷ്ണത കുറച്ചിട്ടുണ്ട്. 'ദേശാഭിമാനി'യും 'മാതൃഭൂമി'യുമാണ് സെക്യുലർ മീഡിയാരംഗത്ത് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഏറെ കോളങ്ങൾ ചിലവിട്ട പത്രങ്ങൾ. മിനാർ, പുരോഗതി, പ്രപഞ്ചം മുതലായ ഇന്ന് നിലവിലില്ലാത്ത ആനുകാലികങ്ങളും ഈ പട്ടികയിൽവരുന്നു.

പ്രസ്ഥാനമെന്ന നിലയിൽ കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയോട് അസഹിഷ്ണുതാപരവും ചിലപ്പോൾ ശത്രുതാപരവുമായിരുന്നു മുസ്‌ലിംലീഗിന്റെ സമീപനം. ജമാഅത്തിന്റെ രൂപീകരണ പശ്ചാത്തലം ഇതിന്നൊരു കാരണമാവാം. സുന്നി-മുജാഹിദ് വിഭാഗങ്ങൾക്ക് മുസ്‌ലിംലീഗിലുള്ള നിർണായക സ്വാധീനം മറ്റൊരു കാരണവും. മതസംഘടനകളോട് പ്രത്യേക പ്രതിബദ്ധതകളില്ലാതിരുന്ന മർഹൂം മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ഇപ്പോൾ ഇല്ലാത്ത ഇബ്രാഹീം സുലൈമാൻ സേട്ട് സാഹിബ്, ബി.വി. അബ്ദുല്ലകോയ സാഹിബ് എന്നിവരുടെ ഉദാരമായ സമീപനം ഈ സംശയത്തെ ബലപ്പെടുത്തുന്നു. 1959-ൽ പ്രഥമ കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായ വിമോചന സമരത്തിൽനിന്നും തുടർന്നുനടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ രൂപപ്പെട്ട കോൺഗ്രസ് ലീഗ്-പി.എസ്.പി കൂട്ടുകെട്ടിന് പിന്തുണ നൽകുന്നതിൽനിന്നും വിട്ടുനിന്ന ജമാഅത്തെ ഇസ്‌ലാമിക്കെതിരെ മുസ്‌ലിംലീഗും മതസംഘടനകളും ഒറ്റക്കെട്ടായി ആഞ്ഞടിച്ചത് മറക്കാനാവാത്ത സംഭവമാണ്. സമാദരണീയനായ മർഹൂം കെ.എം. സീതിസാഹിബ്തന്നെ ഈ പ്രചരണത്തിന്റെ ചുക്കാൻ പിടിക്കുകയായിരുന്നു. മുജാഹിദ് പണ്ഡിതന്മാരായ കെ.എം. മൗലവി, എ. അലവി മൗലവി, ശൈഖ്മുഹമ്മദ് മൗലവി തുടങ്ങി ആറോളം പേർ ചേർന്നിറക്കിയ സംയുക്ത

ഫത്‌വ കമ്യൂണിസ്റ്റുകാർക്കെതിരെ വോട്ടു ചെയ്യാത്ത ജമാഅത്തെ ഇസ്‌ലാമിയെ ബഹിഷ്‌കരിക്കാനുള്ള ആഹ്വാനമായിരുന്നു. എന്നാൽ, 1967-ൽ മർഹൂം അബ്ദുറഹ്‌മാൻ ബാഫഖിതങ്ങളുടെ നേതൃത്വത്തിൽ മുസ്‌ലിംലീഗ് കമ്യൂണിസ്റ്റുകാരുമായി കൂട്ടുചേരാൻ തീരുമാനിച്ചപ്പോഴാകട്ടെ മുജാഹിദ് മൗലവിമാർ പൂർണമൗനം പാലിക്കുക മാത്രമല്ല അവരിൽപ്പെട്ട ലീഗുകാർ അതിനെ ശക്തിയുക്തം ന്യായീകരിക്കുകയും ചെയ്തു. മുസ്‌ലിംലീഗിന്റെ പത്രമായ 'ചന്ദ്രിക'യാണ് കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിക്കെതിരായ പ്രചാരണത്തിന് എക്കാലത്തും മുൻപന്തിയിലുണ്ടായിരുന്നത് എന്നതും വസ്തുതയാണ്.

എഴുപതുകളുടെ ആദ്യത്തിൽ കോഴിക്കോട് കേന്ദ്രമാക്കി രൂപംകൊണ്ട ഇസ്‌ലാം ആന്റ് മോഡേൺ എയ്ജ് സൊസൈറ്റി, അതിന്റെ ആക്രമണത്തിന്റെ കുന്തമുന തിരിച്ചുവെച്ചതും ജമാഅത്തെ ഇസ്‌ലാമിയുടെ നേരെയായിരുന്നു. സംഘടനയുടെ മുഖപത്രമായ 'നിരീക്ഷണം' ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നു എന്ന കവർ സ്റ്റോറിയോടെ ഒരു പ്രത്യേക പതിപ്പ്തന്നെ ഇറക്കി. എന്നാൽ, ഈ സൊസൈറ്റിയുടെ അന്ത്യം കുറിക്കുന്നതിൽ നിർണായക പങ്ക്‌വഹിച്ചത് ജമാഅത്ത് തന്നെയായിരുന്നുതാനും. ചേകന്നൂർ മുഹമ്മദ് മൗലവി, പ്രൊഫ. കെ.എം. ബഹാഉദ്ദീൻ, എൻ.പി. മുഹമ്മദ്, മങ്കട ടി. അബ്ദുൽ അസീസ് മൗലവി, പി.എൻ.എം. കോയട്ടി തുടങ്ങിയവരാണ് മോഡേൺ എയ്ജ് സൊസൈറ്റിയുടെ ചുക്കാൻ പിടിച്ചത്. പിൽക്കാലത്ത് അവരിൽ മിക്കവരും സംഘടനയെ കയ്യൊഴിഞ്ഞു. തുടക്കത്തിൽ സൊസൈറ്റിയോട് ആഭിമുഖ്യം പുലർത്തിയിരുന്ന എം.ഇ.എസ്. നേതൃത്വം, മർഹൂം ബാഫഖിതങ്ങളുടെയും മുസ്‌ലിം ലീഗിന്റെയും കടുത്ത എതിർപ്പുമൂലം നിലപാട് മാറ്റേണ്ടതായിവരികയായിരുന്നു.

ജമാഅത്തെ ഇസ്‌ലാമിക്ക് ഇതര മുസ്‌ലിം സംഘടനകളിൽനിന്നുള്ള അനുഭവം തിക്തമായിരുന്നുവെങ്കിലും സാമുദായികൈക്യശ്രമങ്ങളോട് ജമാഅത്ത് എന്നും അനുകൂലമായാണ് പ്രതികരിച്ചത്. 1979-ൽ പുളിക്കൽ ചേർന്ന സലഫി സമ്മേളനത്തോടനുബന്ധിച്ച് ജമാഅത്തെ ഇസ്‌ലാമിയുടെയും കേരള ജംഇയ്യത്തുൽ ഉലമായുടെയും നേതാക്കൾ, സൗദി പണ്ഡിതനായ ശൈഖ് അബ്ദുല്ലാ ഫൻതൂക്കിയുടെ സാന്നിധ്യത്തിൽ കോഴിക്കോട്ട്‌വെച്ച് ഒരു ഐക്യകരാർ ഒപ്പിടുകയുണ്ടായി. എന്നാൽ, കരാർവാർത്ത പുറത്തുവന്ന ഉടനെ കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റ് കെ. ഉമർ മൗലവി കരാറിൽ ഒപ്പിട്ട 'തെറ്റിനു' പ്രായശ്ചിത്തമായി പ്രസിഡന്റ് പദവി രാജിവെയ്ക്കേണ്ടിവന്നു. പിന്നീട് 1990-ൽ കുവൈത്ത് മതരാഷ്ട്രവകുപ്പ് ഡയറക്ടർ ശൈഖ് നാദിർ അബ്ദുൽ അസീസ് നൂരിയുടെ സാന്നിധ്യത്തിൽ സുന്നി നേതാവ് എ.പി. അബൂബക്കർ മുസ്‌ലിയാരും മുജാഹിദ് നേതാവ് ശൈഖ് അബ്ദുസ്സമദ് അൽകാത്തിബും ജമാഅത്തെ ഇസ്‌ലാമി പ്രതിനിധി അബ്ദുറഹ്‌മാൻ തറുവായിയും ചേർന്ന് ഒരു ഐക്യകരാറിൽ ഒപ്പിട്ടു. അതിന്റെ ഗതി എന്തായെന്ന് പറയാതെ അറിയാവുന്നതാണല്ലോ.

ഇന്ന് എം.ഇ.എസ്, എം.എസ്.എസ്, മുജാഹിദ്, സുന്നി, ജമാഅത്തെ ഇസ്‌ലാമി സംഘടനകളുടെ പ്രതിനിധികളടങ്ങിയ ഒരു പൊതുവേദി നിലവിലുണ്ടെന്നത് സ്മരണീയമാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധി, 1975 ജൂലായിൽ അടിയന്തരാവസ്ഥയുടെ തണലിൽ ശ്രീമതി ഇന്ദിരാഗാന്ധി ആർ.എസ്.എസിനോടും ആനന്ദമാർഗത്തോടുമൊപ്പം ജമാഅത്തെ ഇസ്‌ലാമിയെക്കൂടി നിരോധിച്ചതായിരുന്നു. 1977 മാർച്ചിലെ തെരഞ്ഞെടുപ്പിൽ ജനതാപാർട്ടി അധികാരത്തിൽ വരുന്നത്‌വരെ ഈ നിരോധം തുടർന്നു. അന്ന് ഇന്ത്യയൊട്ടുക്കും എഴുന്നൂറിൽപരം ജമാഅത്ത് പ്രവർത്തകർ അറസ്റ്റിലായ കൂട്ടത്തിൽകേരള ജമാഅത്തിലെ പ്രമുഖപ്രവർത്തകരും ഉണ്ടായിരുന്നു. എന്നാൽ, കേരളത്തിൽ ജയിൽമോചനം നേരത്തെനടന്നു. മോചനത്തിനുവേണ്ടി ചില നേതാക്കൾ ഒപ്പിട്ടുസമർപ്പിച്ച പത്രിക ഇന്നും വിവാദ വിധേയവുംപ്രതിയോഗികളുടെ പ്രചാരണായുധവുമാണ്. "നിരോധിക്കപ്പെട്ട സംഘടനക്കുവേണ്ടി പ്രവർത്തിക്കുകയില്ല" എന്ന വാചകമാണ് വളച്ചൊടിച്ച് പ്രചാരമത്തിനുപയോഗിക്കുന്നത്. യഥാർഥത്തിൽ നിരോധക്കാലത്തും പ്രസ്ഥാനപ്രവർത്തനം കേരളത്തിൽ നടക്കുകയുണ്ടായി. 'പ്രബോധന'ത്തിനു പകരം 'ബോധന'വും ഇറങ്ങി. നിരോധം നീങ്ങിയപ്പോൾ സാരമായ പരിക്കൊന്നുമില്ലാതെ പ്രവർത്തനം പുനരാരംഭിക്കാൻ ജമാഅത്തിന് പ്രയാസമുണ്ടായില്ല.

**ഉപസംഹാരം**

തിരിഞ്ഞുനോക്കുമ്പോൾ പ്രത്യാശാജനകമാണ് കേരളത്തിൽ ജമാഅത്തിന്റെ വളർച്ച പ്രതികൂല സാഹചര്യങ്ങളിൽ, അധികാരകേന്ദ്രങ്ങളുടെ നിസ്സഹകരണവും എതിർപ്പും ഉണ്ടായിരുന്നിട്ടുകൂടി, ചൈതന്യവത്തായ ഒരിസ്‌ലാമിക പ്രസ്ഥാനമായി ജമാഅത്ത് വളരുകയും ഉയരുകയും ചെയ്തിട്ടുണ്ട്. യോഗ്യരായ പ്രവർത്തകരുടെ ക്ഷാമമുണ്ട്, ഗൾഫിലേക്കുള്ള മസ്തിഷ്‌ക്ക ച്ചോർച്ച ക്ഷാമത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ബഹുജന പ്രസ്ഥാനമായി വികസിക്കാൻ സംഘടനക്ക് സാധിച്ചിട്ടില്ല. എന്നാലും പ്രയാണം മുന്നോട്ടാണ്, പിന്നോട്ടല്ല. സമുദായത്തിൽ പ്രസ്ഥാനത്തോട് അനുഭാവം വെച്ചുപുലർത്തുന്നവരുടെ എണ്ണമാണ് ശത്രുക്കളേക്കാൾ കൂടുതൽ. സമുദായത്തിനുപുറത്ത് ഇസ്‌ലാമിന്റെ പ്രാതിനിധ്യം ജമാഅത്തിന് വകവെച്ചുതരാൻ തയ്യാറുള്ളവരാണ് ബുദ്ധിജീവികളിലധികവും. വാർത്താമാധ്യമങ്ങളിൽ വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് അഞ്ചുവർഷം പൂർത്തിയാക്കിയ ദിനപത്രം പ്രസ്ഥാനത്തിന്റെ പുരോഗതിയാൽ എടുത്തുപറയേണ്ട നാഴികക്കല്ലാണ്താനും.